# വിനഷ്ടമാകുന്ന യഥാർഥ സമ്പത്ത്

കബീർ എം. പറളി

നമ്മുടെ സംഭവകാല ജീവിതത്തിൽ ചില വൈരുധ്യങ്ങൾ നിറഞ്ഞു നിൽപ്പുണ്ട്. അധ്വാനിച്ച് നേടുന്ന സ്വത്തും ഇതര സമ്പാദ്യങ്ങളും കയ്യിൽനിന്ന് നഷ്ടപ്പെട്ടു പോകാതിരിക്കാൻ അതീവ ജാഗ്രത കാണിക്കാറുള്ള നാം, അവയിൽ നിന്ന് വല്ലതും കൈമോശം വന്നു പോയാൽ അത് തിരിച്ചുപിടിക്കാനുള്ള, അല്ലെങ്കിൽ അതിന് പകരം ലഭിക്കാനുള്ള തീവ്രശ്രമത്തിൽ വ്യാപൃതരാകുന്നവരാണ്. അതേസമയം, നമ്മുടെ ജീവിതത്തിൽ നിന്നും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന 'യഥാർഥ സമ്പത്തി'നെ ശ്രദ്ധി ക്കാനൊ, അതിനെ തിരിച്ചുപിടിക്കാനൊ നമ്മളിലെ അധിക പേരും നേരിയ താത്പര്യം പോലും കാണിക്കാറില്ല എന്നതാണ് വാസ്തവം! ഏതാണ് ആ യഥാർഥ സമ്പത്ത്?

നബി(സ്വ)യുടെ അമൂല്യമായ ഒരു തിരുമൊഴി ഇത്തരുണത്തിൽ സംഗതമാണെന്ന് തോന്നുന്നു. അവിടുന്നരുളി: ''അഞ്ചു കാര്യങ്ങൾക്ക് മുമ്പ് അഞ്ചു കാര്യങ്ങളെ ഉപയോഗ പ്പെടുത്തുക. മരണത്തിന്മുമ്പ് നിന്റെ ജീവിതത്തെ, രോഗഗ്രസ്ഥ നാകുന്നതിന്മുമ്പ് നിന്റെ ആരോഗ്യത്തെ, ജോലിത്തിരക്കുകൾ വരുംമുമ്പ് നിന്റെ ഒഴിവു സമയത്തെ, വാർധക്യം വന്നെത്തുംമുമ്പ് നിന്റെ യുവത്വത്തെ, ദാരിദ്ര്യം വരുംമുമ്പ് നിന്റെ സമ്പത്തിനെ.'' (അഹ്മദ്, ശൈഖ് അൽബാനി സ്വഹീഹായി പ്രഖ്യാപിച്ചത്)

മഹത്തായ ആശയങ്ങൾ നിറഞ്ഞു നിൽക്കുന്ന ഈ പ്രവാചക വചനത്തിലെ മൂന്നാ മത്തെ ഉപദേശമാണ് നമ്മുടെ ലേഖന വിഷയം. അഥവാ ജീവിതത്തിൽ അല്ലാഹു കനിഞ്ഞു നൽകിയ അനുഗ്രഹമായ ഒഴിവു സമയത്തെപ്പറ്റിയുള്ള ചിന്ത. നിത്യജീവിത ത്തിൽ തിരക്കില്ലാത്ത സമയം കൊതിക്കാത്ത ആരുമില്ല. അത്തരം അവസരങ്ങൾ ലഭിക്കാത്ത ആളുകളും അധികമില്ല. നമുക്ക് കിട്ടിയ ഒരു ദിവസത്തെ, അല്ലെങ്കിൽ ഒരു മാസത്തെ മുന്നിൽ വെച്ച്, എത്ര മണിക്കൂറുകൾ നാം തൊഴിലിലായിരുന്നു, എത്രമണി ക്കൂറുകൾ നാം ഒഴിവിലായിരുന്നു എന്ന് കൂട്ടി നോക്കിയാൽ ഒഴിവുസമയത്തിന്റെ മണിക്കൂറുകളായിരിക്കും മുന്നിട്ടു നിൽക്കുക! തീർച്ചയായും പടച്ചതമ്പുരാനോട് നന്ദികാണിക്കേണ്ട അനുഗ്രഹം തന്നെയാണ് ഒഴിവു സമയം. പക്ഷെ, ആരുണ്ട് നന്ദി കാട്ടുന്നവരായി?!

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: ''ജനങ്ങളിലെ അധികപേരും അശ്രദ്ധമാക്കി തള്ളുന്ന രണ്ട് അനുഗ്രഹങ്ങളുണ്ട്: ആരോഗ്യവും ഒഴിവുസമയവും.'' (ബുഖാരി)

ലഭ്യമാകുന്ന ഒഴിവുവേളകൾ അനുകൂലമായി ഉപയോഗപ്പെടുത്തുന്നത് നമ്മുടെ ആയുസ്സിലേക്കുള്ള മുതൽക്കൂട്ടാണ്. ഒരു നിലക്കു പറഞ്ഞാൽ സമയം എന്നത് ജീവിതത്തിന്റെ അസ്ഥിവാരമാണ്. അതിനെ അവഗണിച്ചാൽ തകർന്നു വീഴുന്നത് കർമ്മങ്ങളും ലക്ഷ്യവുമായിരിക്കും. മഹാനായ ഇബ്നുൽ ഖയ്യിം എഴുതി: 'മനുഷ്യന് ലഭിക്കുന്ന സമയം യഥാർഥത്തിൽ അവന്റെ ആയുസ്സ് തന്നെയാണ്. ഒന്നുകിൽ സുഖസമൃദ്ധമായ വീട്ടിലെ ശാശ്വത ജീവിതത്തിലേക്ക്, അല്ലെങ്കിൽ വേദനാ ജനകമായ ശിക്ഷയുടെ ഞെരുക്കത്തിലേക്ക് ഒരാളെ കൊണ്ടെത്തിക്കുന്ന കരുവാണത്. കാർമേഘ വേഗത്തിലാണ് അതിന്റെ സഞ്ചാരം. തന്റെ സമയം അല്ലാഹുവിനുവേണ്ടിയാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത് എങ്കിൽ അതാണ് യഥാർഥത്തിൽ അവന്റെ ജീവിതവും ആയുസ്സും. അങ്ങനെയല്ലാതെ ഉപയോഗപ്പെടുത്തിയ സമയങ്ങളൊന്നും അവന്റെ ജീവിതത്തിൽ വരവുവെക്കപ്പെടുകയില്ല. ഒരാൾ തന്റെ ആയുസ്സ് മൃഗങ്ങളെപ്പോലെ ജീവിച്ചു തീർക്കാനാണ് ചെലവഴിക്കുന്നത് എങ്കിൽ, അന്ധമായ അശ്രദ്ധയിലും, വ്യർഥമായ വ്യാമോഹങ്ങളിലും തളച്ചിടാനാണ് വിനിയോഗിക്കുന്നത് എങ്കിൽ, നിദ്ര യിലും നിഷ്കൃയത്വത്തിലുമാണ് സദാ അവൻ കഴിച്ചുകൂട്ടുന്നത് എങ്കിൽ, ജീവിത ത്തേക്കാൾ അവനു നല്ലത് മരണമാണ്.'

നമ്മുടെ ജീവിതത്തിലേക്കൊരെത്തിനോട്ടം നടത്തിയാൽ അധികപേരും തങ്ങളുടെ സമയവിനിയോഗത്തിൽ സാരമായ വീഴ്ചവരുത്തുന്നവരാണെന്ന് കാണാനാകും. രാപകലുകൾ മുഴുവൻ ദുനിയാവിന്റെ മേച്ചിൽപുറങ്ങളിൽ സമ്പത്തുതേടി കിതച്ചു കൊണ്ടോടുന്ന ആണുങ്ങൾ. നിത്യേനയെന്നോണം പുറത്തിറങ്ങുന്ന പുതുവസ്ത്രങ്ങളും ഗൃഹോപകരണങ്ങളും

വാങ്ങാൻ അങ്ങാടികൾ തെണ്ടുന്ന പെണ്ണുങ്ങൾ. യുവാക്കൾ ഇന്റർനെറ്റിലെ അനാശാസ്യത്തിന്റെ നിഗൂഢതലങ്ങളിലൂടെ കുതിരയോട്ടത്തിലാണെ ങ്കിൽ, യുവതികൾ പ്രലോഭനങ്ങളുടെ മായാവലയങ്ങൾ തീർത്ത മാസികകളിലും വാരികകളിലും മുഴുകിയുറങ്ങുകയാണ്! ഫുട്ബോളും ക്രിക്കറ്റും തലക്കുപിടിച്ച സമയംകൊല്ലികളായ കൗമാരക്കാരും, പാട്ടും, ഡാൻസും, സീരിയലുകളും കണ്ടും കേട്ടും ടെലിവിഷനുമുന്നിൽ ചടഞ്ഞുകൂടുന്ന കുമാരികളും നമ്മുടെ ചുറ്റുഭാഗത്തും നിരവധിയാണ്! പടച്ചതമ്പുരാൻ കനിഞ്ഞു തന്ന സ്വന്തം ആയുസ്സിനെ അലക്ഷ്യമായി തള്ളിനീക്കുന്ന ഇവരേക്കാൾ അവിവേകികളായി മറ്റാരുണ്ട് ദുനിയാവിൽ?!

സമയബോധവും അതിന്റെ വിനിയോഗത്തിലുള്ള സൂക്ഷ്മതയും ഒരാളിലുണ്ടാകണ മെങ്കിൽ ഒരൊറ്റ മാർഗമേയുള്ളൂ. വിചാരണാനാളിൽ മറ്റേതൊരനുഗ്രഹത്തെപ്പറ്റിയും ചോദിക്കുന്നതു പോലെ പടച്ചതമ്പുരാൻ തന്റെ ആയുസ്സിനെപ്പറ്റിയും ചോദിക്കുന്നതാണ് എന്ന ബോധം അയാളിലുണ്ടാവുക. പ്രവാചക തിരുമേനി(സ്വ) ഗൗരവപൂർവം പഠിപ്പിച്ചു തന്ന ഒരു ഹദീസു കാണുക:

‘‘ഖിയാമത്തുനാളിൽ, അഞ്ചുകാര്യങ്ങളെപ്പറ്റി ചോദിക്കപ്പെടാതെ തന്റെ റബ്ബിന്റെ മുന്നിൽ നിന്ന് ഒരൊറ്റ ആദം സന്താനത്തിന്റെ കാലുകളും ചലിക്കുകയില്ല. തന്റെ ആയുസ്സിനെ ഏതു കാര്യത്തിൽ ഉപയേഗിച്ചു? തന്റെ യുവത്വത്തെ ഏതുവിധത്തിൽ വിനിയോഗിച്ചു? തന്റെ ധനം എവിടെ നിന്ന് സമ്പാദിച്ചു അതിനെ എങ്ങിനെ ചെലവഴിച്ചു? പഠിച്ചറിഞ്ഞ കാര്യങ്ങൾ ഏതുതരത്തിൽ പ്രവർത്തിച്ചു? എന്നീ കാര്യങ്ങളാണ് അവ.’’ (തിർമിദി)

നമ്മുടെ കൂട്ടത്തിൽ എത്രയോ പേരുണ്ട്; അവരുടെ അധിക ജോലിയും അന്യരുടെ കർമ്മങ്ങളെ അളന്നും തൂക്കിയും സമയം കളയലാണ്. അവന്റെ പ്രവർത്തനം പോരാ, ഇവന്റെ രീതി ശരിയല്ല, മറ്റവൻ ആളുകളോട് പെരുമാറുന്നത് മോശമാണ്, തുടങ്ങിയ വിലയിരുത്തലുകളല്ലാതെ തന്റെ ജീവിതവും പ്രവർത്തനവും, സമീപനങ്ങളും രീതികളും ഒന്നും തന്നെ അത്തരക്കാരുടെ ചിന്തയിൽ വരാറേയില്ല! കൂട്ടു കുടുംബ ങ്ങളിലും, സമൂഹത്തിലും, സംഘടനകളിലുമൊക്കെ ഈ പ്രവണത നമുക്ക് കാണാ നാകും. എന്നാൽ തന്റെ ഉത്തരവാദിത്തങ്ങളെപ്പറ്റിയും അത് എത്രകണ്ട് പാലിക്ക പ്പെട്ടിരിക്കുന്നു എന്നതിനെപ്പറ്റിയുമാകണം വിശ്വാസികളുടെ ഏതു സമയത്തേയും ചിന്ത. എന്തുകൊണ്ടെന്നാൽ അവയോരോന്നും അല്ലാഹുവിനാൽ ചോദ്യം ചെയ്യപ്പെ ടുന്നതാണ്.

ഏവരും അവനവന്റെ ജീവിത സമയത്തെ വിലമതിക്കുകയും വിലയിരുത്തുകയുമാണ് വേണ്ടത്. അല്ലാഹുവിനെ ആരാധിക്കാനായി നൽകപ്പെട്ട നമ്മുടെ ആയുസ്സ് വൃഥാ നഷ്ടപ്പെടുന്നുവെങ്കിൽ ലക്ഷ്യമാണ് കൈവിട്ടുപോകുന്നത്. അല്ലാഹുവും റസൂലും പഠിപ്പിച്ചുതന്ന ഒട്ടേറെ സൽകർമ്മങ്ങൾ നമ്മുടെ മുന്നിൽ ചെയ്തുതീർക്കാനുണ്ടാ യിരിക്കെ, കളിതമാശകളിൽ മാത്രം മുഴുകാൻ സത്യത്തിൽ, സമയമില്ല. പക്ഷെ, ഇക്കാര്യം ഓർക്കുന്ന എത്രപേരുണ്ട് നമ്മിൽ?! അശ്രദ്ധയും, അലസതയും, ഐഹികാല ങ്കാരങ്ങളിലുള്ള ആഭിമുഖ്യവും നമ്മെയൊക്കെ സമയബോധമില്ലാത്തവരാക്കിത്തീർ ത്തിട്ടുണ്ട്. ‘‘അവരുടെ അതിക്രമങ്ങളിൽ അവർ മുഴുകി ജീവിക്കുകയാണ്’’ എന്ന് ഖുർആൻ പറഞ്ഞ അവസ്ഥയിലാണൊ നമ്മൾ എന്ന് ഇടക്കിടെ ചിന്തിക്കുന്നത് നന്നായിരിക്കും.

ദീർഘായുസ്സ് നൽകപ്പെട്ടിട്ട്, ആ കാലയളവിലൊന്നും സൽകർമ്മങ്ങളിൽ മുഴുകാതെ, മരണവക്ത്രത്തിലെത്തിപ്പെടുന്ന വേളയിൽ പരിതപിച്ചിട്ട് കാര്യമുണ്ടാകില്ല. സമയം കഴിഞ്ഞിരിക്കുന്നു എന്ന് ബോധ്യപ്പെടുന്ന അവസാനനിമിഷത്തിൽ അല്പം സമയമു ണ്ടായിരുന്നെങ്കിൽ എന്ന് ആശിക്കുന്ന കൂട്ടത്തിലാകരുത് മുഅ്മിനുകൾ. എന്തുകൊണ്ടെന്നാൽ അല്ലാഹു പറയുന്നത് വായിക്കുക:

‘‘അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ അവൻ പറയും: എന്റെ രക്ഷിതാവേ, ഞാൻ ഉപേക്ഷ വരുത്തിയിട്ടുള്ള കാര്യത്തിൽ എനിക്ക് നല്ല നിലയിൽ പ്രവർത്തിക്കുവാൻ കഴിയത്തക്കവിധം എന്നെ (ജീവിതത്തിലേക്ക്) തിരിച്ചയക്കേണമേ. ഒരിക്കലുമില്ല! അതൊരു വെറും വാക്കാണ്. അതവൻ പറഞ്ഞു കൊണ്ടിരിക്കും. അവരുടെ പിന്നിൽ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം വരെ ഒരു മറയുണ്ടായിരിക്കുന്നതാണ്.’’ (മുഅ്മിനൂൻ: 99, 100)

ജീവിതത്തിന്റെ ധർമ്മവും ലക്ഷ്യവുമറിഞ്ഞ വിശ്വാസികൾക്ക് ഇത്തരമൊരനുഭവമു

ണ്ടാകാനിടയില്ല. അവർ സമയത്തിന്റെ വിലയറിഞ്ഞ് പ്രവർത്തിക്കും എന്നതു കൊണ്ടാണത്. അല്ലാഹുവിനെ സ്മരിക്കാനും, നിർബന്ധകർമ്മങ്ങൾ നിർവഹിക്കാനും മാത്രമല്ല വിശ്വാസിയുടെ സമയം. പ്രതിഫലാർഹമായ ഒട്ടേറെ കാര്യങ്ങൾ ചെറുതും വലുതുമായി വേറെയും നിർവഹിക്കാനായിട്ടുണ്ട്. അറിവാർജ്ജിക്കാനുള്ള ശ്രമം അവയിലൊന്നാണ്. ഹൃദയത്തിന് വെളിച്ചവും വിശാലതയുമേകുന്ന മതവിജ്ഞാന ഗ്രന്ഥങ്ങൾ അനവധിയുണ്ടായിട്ടും അതിലേക്ക് തിരിഞ്ഞു നോക്കാത്ത ആളുകൾ നമ്മുക്കിടയിലുണ്ട്. 'മരണ സമയം അടുത്തിരിക്കുന്നു, ഇനി അഞ്ചു നിമിഷം ബാക്കിയുണ്ട്. ആ സമയം താങ്കൾ എന്തു ചെയ്യാനാണ് വിനിയോഗിക്കുക?' എന്ന് മഹാനായ ഇമാം അബ്ദുല്ലാഹ് ബ്നു മുബാറകി(റ)നോട് ഒരാൾ ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞ മറുപടി, ''ആ വിലപിടിച്ച സമയം ഞാൻ അറിവുനേടാൻ ഉപയോഗപ്പെടുത്തും'' എന്നാണ്! നോക്കുക; സമയത്തെ സംബന്ധിച്ച മുൻഗാമികളുടെ കാഴ്ചപ്പാട് എത്ര മഹത്തരമാണ്.

നമ്മുടെ ഒഴിവു വേളകളെ അനാവശ്യമായി കവർന്നെടുക്കുന്ന പല സംഗതികളും ജീവിത പരിസരങ്ങളിൽ അനവധിയാണ്. നീണ്ട സമയങ്ങൾ കണ്ടിരിക്കേണ്ട കളികൾ, സിനിമകൾ പോലുള്ള വിനോദങ്ങൾ, ദൈവചിന്തയെ തീർത്തും മറപ്പിച്ചു കളയുന്ന ഓഡിയോ വീഡിയോ മ്യൂസിക് ആൽബങ്ങൾ, അനാവശ്യമായ സൈറ്റ് ബ്രൗസിങ്ങുകൾ, സൊറപറഞ്ഞിരിക്കാനെത്തുന്ന അടുത്ത സുഹൃത്തുക്കൾ, ജാഥകൾ, ഘെരാവോകൾ, സമരങ്ങൾ അങ്ങനെ നിരവധി സംഗതികൾ. ക്രിക്കറ്റു കളിയിലെ ഒരു ഓവർ കാണാൻ സമയം കിട്ടാതെ പോയാൽ അന്നത്തെ ദിവസം മുഴുവൻ മൂഡ് ഓഫായി നടക്കുന്നവരുണ്ട്. എന്നാൽ ഒരു വഖ്ത് നമസ്കാരം നഷ്ടപ്പെട്ടാൽ ഒരു വേവലാതിയും അവർക്കുണ്ടാകാറില്ല; ഖളാഇന്റെ മസ്അലയിൽ അവർ ആശ്വാസം കണ്ടെത്തു കയാകും!

ഇമാം ഹസനുൽ ബസരി(റ) പറയുകയണ്ടായി: ''എനിക്ക് ചിലയാളുകളെ അറിയാം, നിങ്ങൾ ദിർഹമുകളിലും ദീനാറുകളിലും എത്രമാത്രം തത്പരരാണൊ, അതിനെക്കാൾ തങ്ങളുടെ സമയങ്ങളിൽ തത്പരരാണ് അവർ.'' ഒഴിവു സമയങ്ങളെ ഫലവത്തായി ഉപയോഗിക്കുന്ന ആളുകളാണ് യഥാർഥത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുന്നത് എന്ന സൂചന ഈ പ്രസ്താവനയിലുണ്ട്. അബ്ദുല്ലാഹിബ്നു മുബാറക്കിനോട് ഒരിക്കൽ ചിലർ ചോദിച്ചു: ''നമസ്കാരം കഴിഞ്ഞാൽ ഞങ്ങളോടൊത്ത് അല്പസമയം ചെലവഴിക്കാതെ എന്നും താങ്കളെങ്ങോട്ടാണീ പോകുന്നത്?'' അദ്ദേഹം പറഞ്ഞു: ''ഞാൻ സ്വഹാബികളോടും താബിഉകളോടുമൊപ്പം അവരുടെ സദസ്സിലിരിക്കാനാണ് പോകുന്നത്.'' അവർ ആശ്ചര്യത്തോടെ ചോദിച്ചു: ''എന്ത്! അവരെവിടെയുണ്ടതിന്?'' അദ്ദേഹം പറഞ്ഞു: ''അവർ എന്റെ കൈവശമുള്ള ഗ്രന്ഥങ്ങളിലുണ്ട്. അവയിൽ നിന്ന് ഞാനവരുടെ കർമ്മങ്ങളും, കാൽപാടുകളും കണ്ടെടുക്കും. നിങ്ങളോടൊപ്പമിരുന്നിട്ട് എനിക്കെന്ത്? അന്യരുടെ കുറ്റങ്ങളും കുറവുകളും എണ്ണിപ്പെറുക്കുകയൊ?'' കൈവശമുള്ള സമയം എങ്ങിനെ വിനിയോഗിക്കണമെന്നറിയാത്ത 'സമയം കൊല്ലി'കൾക്ക് ഇബ്നു മുബാറക്(റ) മാതൃകയാവുകയാണ് ഇവിടെ.

സമയ ബോധമുണ്ടാകുവാനും, അതിനെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുവാനും വിശ്വാസികൾ ചില ശീലങ്ങൾ സ്വീകരിക്കുന്നത് നല്ലതാണ്. അല്ലാഹു നൽകിയ ആയുസ്സും അതിലെ കർമ്മങ്ങളും രേഖപ്പെടുത്തുന്നുവെന്ന ബോധമുണ്ടാവുക. അവ മുഴുവനും പരലോകത്ത് വിചാരണ ചെയ്യപ്പെടുന്നതാണ് എന്ന ചിന്തയുണ്ടാവുക. ആഗ്രഹങ്ങളും അഭിലാഷങ്ങളും ചുരുക്കി, മരണത്തേയും മരണാനന്തരമുള്ള ജീവിതത്തേയും ധാരാളം ഓർക്കുക. ഒഴിവു സമയങ്ങളെ ഉപകാരപ്രദമാം വിധം വിനിയോഗിക്കാൻ തൗഫീഖ് നല്കണേ എന്ന് അല്ലാഹുവിനോട് പ്രാർഥിക്കുക. സച്ചരിതരായ മുന്ഗാമികളുടെ ജീവിത ചരിത്രങ്ങളും സമ്പ്രദായങ്ങളും പഠിച്ച് പകർ ത്താൻ ശ്രമിക്കുക. ഖുർആനുമായുള്ള ബന്ധം നിരന്തരമാക്കുക. മത വിജ്ഞാനം കരസ്ഥമാക്കാൻ ലഭിക്കുന്ന അവസരങ്ങളെ ഉപയോഗപ്പെടുത്തുക. പ്രവാചക ശ്രേഷ്ഠന്റെ ജീവിത മാതൃകകൾ ആവേശപൂർവം ഉൾക്കൊള്ളുക. ഒരു നന്മയിൽ നിന്നൊഴിഞ്ഞാൽ അടുത്ത നന്മയിലേക്ക് കാലെടുത്തു വെക്കുക. കാരുണ്യവാനായ അല്ലാഹുവിന്റെ ദയാവായ്പുകളിൽ എപ്പോഴും പ്രതീക്ഷവെക്കുക. എങ്കിൽ, ദുനിയാവിലെ അനുവദനീയവും ആശാസ്യവുമായ കളികളും ചിരികളും വിനോദങ്ങളും ആസ്വദിക്കുമ്പോഴും, 'സമയം നഷ്ടപ്പെടുത്തിയിട്ടില്ല' എന്ന് ആശ്വസിക്കാനും അങ്ങനെ ആഹ്ലാദിക്കാനും കഴിയും. സമയമാണ് സമ്പത്ത്; അത് വിനഷ്ടമാകാതെ കാത്തു സൂക്ഷിക്കുക.